# പടിഞ്ഞാറിന്റെ മുഖംമൂടി വലിച്ചുകീറുന്ന ചിത്രങ്ങൾ

**മുപ്പത്തിനാലാമത്** റോട്ടർഡാം ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിച്ച രണ്ട് യൂറോപ്യൻ ചിത്രങ്ങൾ പ്രേക്ഷകരുടെയും നിരൂപകരുടെയും ശ്രദ്ധ പിടിച്ചുപറ്റി. 9/11 ഭീകരാക്രമണങ്ങൾക്കു ശേഷം പാശ്ചാത്യസമൂഹവും ഭരണകൂടങ്ങളും നടത്തുന്ന ക്രൂരമായ മുസ്‌ലിംവേട്ടയുടെ തിരിച്ചടിയാണ് പാശ്ചാത്യർക്കെതിരെയുള്ള തീവ്രവാദി ആക്രമണങ്ങളെന്ന് സ്ഥാപിക്കുകയാണ് ഈ രണ്ട് ചിത്രങ്ങളും. ചില പാശ്ചാത്യ ഭരണകൂടങ്ങളുടെ നീതി തൊട്ട് തെറിച്ചിട്ടില്ലാത്ത നടപടികളെ തുറന്നുകാണിക്കുന്നതിൽ ഇവക്ക് 'വെടിയുണ്ടയേക്കാൾ മൂർച്ച' അനുഭവപ്പെടുന്നു എന്ന് ഒരു അറബ് നിരൂപകൻ.

കെന്നി ഗ്ലനാൻ എന്ന സ്കോട്ടിഷ് സംവിധായകന്റെ *യാസ്മിൻ* എന്ന ചിത്രമാണ് ഒന്നാമത്തേത്. സ്കോട്ട്‌ലന്റിലെ ഒരു നഗരത്തിലാണ് കഥ നടക്കുന്നത്. അവിടെ പാക്‌വംശജരായ ഒരു മുസ്‌ലിം കുടുംബം താമസിക്കുന്നുണ്ട്. ഗൃഹനാഥൻ ടി.വിയും റേഡിയോയും റിപ്പയർ ചെയ്യുന്ന ഒരു കട നടത്തുകയാണ്. തൊട്ടടുത്ത പള്ളിയിലെ ഇമാമും അദ്ദേഹം തന്നെ. ഇദ്ദേഹത്തിന്റെ മക്കളാണ് നാസറും യാസ്മിനും. ഏഷ്യൻ കുടിയേറ്റക്കാരുടെ രണ്ടാം തലമുറയുടെ പ്രതിനിധികൾ. പിതാവ് പ്രതിനിധീകരിക്കുന്ന ഇസ്‌ലാമിക മൂല്യവ്യവസ്ഥയെയും പാശ്ചാത്യ ജീവിതരീതികളെയും സമന്വയിപ്പിക്കാനാവാതെ ഇവർ സങ്കീർണമായ സ്വത്വപ്രതിസന്ധിയിലകപ്പെടുന്നു.

ബ്രിട്ടീഷ് സമൂഹത്തിൽ രൂഢമൂലമായ വംശവെറിയും അന്യമത വിദ്വേഷവും മറനീക്കി കാണിക്കുന്നതാണ് ഓരോ സീനും. നായിക യാസ്മിൻ തന്റെ കൂട്ടുകാരികളോടൊപ്പം ജോലിയെടുക്കുമ്പോൾ അവരുടേതുപോലെ യൂറോപ്യൻ വേഷത്തിലാണ്. വീട്ടിൽ തിരിച്ചെത്തുമ്പോൾ അവൾ പർദ അണിയുന്നു. പർദ ധരിച്ച് ബ്രിട്ടീഷ് തെരുവിലേക്കോ പണിസ്ഥലത്തേക്കോ ഇറങ്ങാൻ പറ്റാത്ത അവസ്ഥ. കടുത്ത വിവേചനവും ശകാരവും 'പാക്കി'വിളിയും സഹിക്കാനാവാതെ നാസർ അഫ്ഗാനിസ്താനിലേക്ക് പോവുകയാണ്-അവിടത്തെ ഒരു സായുധസംഘത്തിൽ ചേരാൻ. അവിടത്തെ ജോലി കഴിഞ്ഞാൽ താൻ അധിനിവിഷ്ട ഫലസ്ത്വീനിൽ പോകുമെന്നും ചിത്രത്തിന്റെ ഒടുവിൽ നാസർ പറയുന്നുണ്ട്.

*ഡ്രൈവറ്റ്* എന്ന ഇറ്റാലിയൻ ചിത്രമാണ് രണ്ടാമത്തേത്. ഫലസ്ത്വീനിലെ ഒരു യൂനിവേഴ്സിറ്റി പ്രഫസറുടെ കഥയാണിത്. രണ്ട് നിലകളുള്ള ഒരു ബിൽഡിംഗിലാണ് ഇദ്ദേഹവും കുടുംബവും താമസം. തൊട്ടപ്പുറത്ത് ഒരു ഇസ്രയേലീ ചെക് പോസ്റ്റുണ്ട്. അവിടെയുള്ള ഇസ്രയേലീ പട്ടാളക്കാർ ഈ കുടുംബത്തെ കെട്ടിടത്തിൽനിന്ന് പലായനം ചെയ്യിക്കാൻ പലതരത്തിലുള്ള ശാരീരിക-മാനസിക പീഡനങ്ങൾക്ക് അവരെ വിധേയരാക്കുന്നു. പട്ടാളക്കാർ വന്ന് പ്രഫസറും കുടുംബവും താമസിക്കുന്ന ഫ്ളാറ്റ് മൂന്ന് സെക്ഷനായി ഭാഗിച്ചു. ഒന്നാമത്തെ ഭാഗത്ത് കുടുംബം കാലുകുത്താനേ പാടില്ല. രണ്ടാമത്തെ ഭാഗത്ത് പട്ടാളക്കാരുടെ അനുവാദമുണ്ടെങ്കിൽ മാത്രം കടക്കാം. അങ്ങനെ മൂന്നിലൊന്ന് ഭാഗത്ത് ഏഴ് അംഗങ്ങളുള്ള ഈ കുടുംബം ഞെങ്ങി ഞെരുങ്ങി കഴിയുന്നു.

ഇസ്രയേലീ അതിക്രമങ്ങൾക്കെതിരെയുള്ള ഫലസ്ത്വീനീ പോരാട്ടവീര്യത്തെയും സവേരിയോ കോസ്റ്റാൻനോയുടെ ഈ ഇറ്റാലിയൻ ചിത്രം കാണിച്ചുതരുന്നുണ്ട്. ഇസ്രയേലീ പീഡനമുറകൾക്ക് വഴങ്ങാതെ പ്രഫസറും മൂത്ത മകനും മകളും ഒടുവിൽ സായുധ പോരാട്ടത്തിനായി ഇറങ്ങിത്തിരിക്കുകയാണ്.

## മലയ് മാത്രമോ ഇസ്‌ലാമികം?

**വിചിത്രമായ** ഒരു പള്ളിത്തർക്കം നടക്കുകയാണ് മലേഷ്യയിൽ. അവിടത്തെ ന്യൂനപക്ഷമായ ചൈനീസ് വംശജരായ മുസ്‌ലിംകൾക്ക് ഒരു പള്ളി നിർമിക്കണം. സാമ്പ്രദായിക ചൈനീസ് ശൈലിയിൽ നിർമിക്കാൻ പ്ലാൻ തയാറാക്കി. അത്തരമൊരു പള്ളി നിർമിക്കാൻ അനുവദിക്കില്ലെന്ന് മലേഷ്യൻ അധികൃതരും. മലയൻ ഇസ്‌ലാമിക പാരമ്പര്യത്തെ അത് അപകടപ്പെടുത്തുമത്രെ. മൊറോക്കൻ/അന്തലൂസി മാതൃകയിൽ ഖുബ്ബകളും മിനാരങ്ങളുമടങ്ങുന്നതാണ് മലയൻ ശൈലി. ഇതിനോട് സാമ്യമില്ലാത്ത മറ്റു നിർമാണ രീതികൾ അംഗീകരിക്കേണ്ടതില്ലെന്നാണ് മതകാര്യ വകുപ്പിന്റെ തീരുമാനം.

ചൈനീസ് മലേഷ്യൻ അസോസിയേഷൻ ഉപാധ്യക്ഷൻ മുഹമ്മദ് രിദ്‌വാൻ അബ്ദുല്ല ഈ തീരുമാനത്തിനെതിരെ ആഞ്ഞടിച്ചു: "ചൈനീസ് മാതൃകയിൽ പള്ളി വന്നാൽ മലയ് വംശജരാകെ ഇളകിമറിയും എന്ന അധികൃതരുടെ വാദം അസംബന്ധമാണ്. ഇസ്‌ലാമിന്റെ സാർവലൗകികത അംഗീകരിക്കാത്തതാണ് പ്രശ്നത്തിന്റെ മർമം. മലയക്കാർ തുടർന്നു പോരുന്നത് മാത്രമാണ് ഇസ്‌ലാമികം എന്നെങ്ങനെ പറയും? ചില വംശങ്ങൾക്കേ ഇസ്‌ലാമികപാരമ്പര്യം അവകാശപ്പെടാനാവൂ എന്ന ധാരണ തിരുത്തുകയാണ് ആദ്യം വേണ്ടത്."

മതത്തെക്കുറിച്ച് വളരെ ഇടുങ്ങിയ കാഴ്ചപ്പാടാണ് മലയ് വംശജർ പുലർത്തുന്നതെന്ന് രിദ്‌വാൻ പരിതപിക്കുന്നു: "ഞാൻ ഇസ്‌ലാം സ്വീകരിച്ച് മൂന്നു നാലു വർഷം കഴിഞ്ഞപ്പോൾ ചൈനയിലുള്ള എന്റെ പിതാവ് മരിച്ചു. ചൈനയിലേക്ക് പോകാൻ അധികൃതർ എന്നെ സമ്മതിച്ചില്ല. ചൈനയിൽ പോയി തിരിച്ചുവരുമ്പോഴേക്കും നിങ്ങൾ ചൈനക്കാരനായിപ്പോകും എന്നാണ് അവർ ന്യായം പറഞ്ഞത്."

ഭാഷ, ആചാരങ്ങൾ എന്നിവയിലൊക്കെ വളരെ കാർക്കശ്യമുള്ളവരാണ് മലയ് വംശജരായ മുസ്‌ലിംകൾ പൊതുവെ. സാംസ്കാരിക വൈവിധ്യങ്ങളെ അംഗീകരിക്കാൻ അവർ കൂട്ടാക്കുന്നില്ല. ഈയടുത്ത് നിയമിതനായ മലേഷ്യയിലെ ഏറ്റവും പ്രായം കുറഞ്ഞ മുഫ്തി മുഹമ്മദ് അസ്‌രി സൈനുദ്ദീനും ഈ പോരായ്മ സമ്മതിക്കുന്നു: "....'ശുദ്ധ' മുസ്‌ലിംകൾ തങ്ങളാണെന്ന ധാരണയാണ് മലയക്കാർക്ക്. യഥാർഥത്തിൽ അവരേക്കാൾ ഇസ്‌ലാമിൽ ദൃഢവിശ്വാസമുള്ളവരാണ് ചൈനീസ് വംശജരായ മലേഷ്യക്കാർ. ഇസ്‌ലാമിനെ മലയ് പാരമ്പര്യത്തിലേക്ക് ചുരുക്കുന്ന ഈ രീതികളെല്ലാം അബദ്ധമാണ്."

മലേഷ്യൻ ജനസംഖ്യയിൽ 60 ശതമാനം മലയ് വംശജരാണ്. 35 ശതമാനം ചൈനീസ് -ഇന്ത്യൻ വംശജർ. മറ്റു

ഏഷ്യൻ-യൂറോപ്യൻ നാടുകളിൽനിന്നുള്ള ചെറിയ ഒരു ന്യൂനപക്ഷവും ഇവിടെയുണ്ട്. ഇതര വംശജരെ അവഗണിക്കുന്നു എന്ന പരാതി പലപ്പോഴും മലേഷ്യയിൽ സംഘർഷത്തിന് വഴിവെക്കാറുണ്ട്.

## വിചാരണയില്ലാതെ അഞ്ചുവർഷം

**അൽജസീറ** എന്ന അറബ്ചാനലിനോടുള്ള അമേരിക്കൻ ഭരണകൂടത്തിന്റെ ഒടുങ്ങാത്ത പകയുടെ ദൃഷ്ടാന്തമാണ് സാമി അൽഹാജ്. ഇദ്ദേഹം ആരെന്നല്ലേ? ഖാർത്വൂമിൽ ജനിച്ച ഒരു പാവം സുഡാനി. പിതാവിന് മധ്യസുഡാനിൽ ഒരു ബിസിനസ് സ്ഥാപനത്തിലായിരുന്നു ജോലി. സെക്കന്ററി പഠനത്തിനു ശേഷം സാമി അൽ ഹാജ് വളരെ കഷ്ടപ്പെട്ട് ഇന്ത്യയിൽ വന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ഡിഗ്രിയും ഒരു കമ്പ്യൂട്ടർ ഡിപ്ലോമയും നേടി. നേരെ പോയത് യു.എ.ഇയിലേക്ക്. ഷാർജയിലെ ഒരു കയറ്റുമതി സ്ഥാപനത്തിൽ ജോലി. കല്യാണം കഴിച്ചത് ഒരു അസർബൈജാൻ കാരിയെ.

2000-ത്തിൽ അൽജസീറ ചാനലിന്റെ ഫോട്ടോഗ്രാഫറായും റിപ്പോർട്ടറായും ഒരു പരിശീലന കോഴ്സ് പൂർത്തിയാക്കി. ചെച്നിയയിൽ രൂക്ഷമായ പോരാട്ടം നടക്കുന്ന സമയമായിരുന്നു. ചാനൽ അദ്ദേഹത്തെ ഔദ്യോഗിക ഫോട്ടോഗ്രാഫറായി അങ്ങോട്ട് പറഞ്ഞയച്ചു. 9/11 ആക്രമണങ്ങൾക്കു ശേഷം താലിബാൻ ഗവൺമെന്റിനെ വീഴ്ത്തുന്നതിനായി അമേരിക്ക യുദ്ധം ആരംഭിച്ചു. യുദ്ധം റിപ്പോർട്ട് ചെയ്യാൻ അൽജസീറ അഫ്ഗാനിസ്താനിലേക്ക് അയച്ചത് യൂസുഫ് ശൂലിയെ. കൂടെ ഫോട്ടോഗ്രാഫറായി സാമിയെയും. ടെലിവിഷൻ സംഘം പലവിധ കടമ്പകൾ കടന്ന് പാകിസ്താൻ വഴി ഖന്ദഹാറിൽ ഇറങ്ങി. അപ്പോഴേക്കും അമേരിക്കൻ ആക്രമണം രൂക്ഷമായിക്കഴിഞ്ഞതിനാൽ അവർ പാകിസ്താനിലെ ക്വറ്റ നഗരത്തിലേക്ക് തിരിച്ചുപോന്നു. അഫ്ഗാനിലേക്കുള്ള വിസയുടെ കാലാവധി അപ്പോഴേക്കും കഴിഞ്ഞിരുന്നു. പാക് പോലീസ് സാമിയെ അറസ്റ്റ് ചെയ്തു. കുറേ കാലമായി അന്വേഷിക്കുന്ന ഒരു ഭീകരനെ അപ്രതീക്ഷിതമായി പിടികൂടിയ മട്ടിലായിരുന്നു പിന്നെ പോലീസിന്റെ പെരുമാറ്റം. അവർ സാമിയെ അഫ്ഗാനിലുള്ള അമേരിക്കൻ സൈന്യത്തിന് കൈമാറി.

സാമിയെ കുറച്ചുകാലം അഫ്ഗാനിലെ ബഗ്റാം തടവറയിൽ പാർപ്പിച്ച ശേഷം നേരെ ഗ്വാണ്ടനാമോയിലേക്ക്.... വിചാരണ പോലുമില്ലാതെ സാമി ഗ്വാണ്ടനാമോ തടവറയിൽ നരകിക്കാൻ തുടങ്ങിയിട്ട് അഞ്ചു വർഷമാകുന്നു. അൽജസീറയുടെ ധീരനായ മറ്റൊരു പത്രപ്രവർത്തകൻ തൈസീർ അല്ലൂനിയെ പിടികൂടി സ്പെയിനിലെ ഒരു ജയിലിൽ തടവിലിട്ടിരിക്കുകയാണ് അമേരിക്ക. അമേരിക്കയെക്കുറിച്ച് സത്യം പറയുന്നു എന്നതാണ് ഇരുവരും ചെയ്ത ഭീകരകൃത്യം. അൽഹാജിനെ മോചിപ്പിക്കാൻ അന്താരാഷ്ട്രസമ്മർദം ഉണ്ടാകണമെന്ന് അൽജസീറ ആഗ്രഹിക്കുന്നു. ഈ വിലാസത്തിൽ നിങ്ങളും ഐക്യദാർഢ്യം പ്രഖ്യാപിക്കുക: freesami@aljazeera.net

## 'എന്നെ ജയിലിലേക്ക് തിരിച്ചയക്കൂ'

**ഇത്** തുനീഷ്യൻ അധികൃതരോട് അന്നാട്ടിലെ സ്വലാഹുദ്ദീൻ അലവി എന്ന പൗരൻ നടത്തിയ അഭ്യർഥനയാണ്. ഇസ്‌ലാമിക പ്രസ്ഥാനമായ 'അന്നഹ്ദ'യോട് ആഭിമുഖ്യം പുലർത്തി എന്നതിന്റെ പേരിൽ പതിമൂന്നര കൊല്ലം ജയിലിലായിരുന്നു ഈ മനുഷ്യൻ. ജയിലിൽനിന്ന് പുറത്തുവന്നാലും രക്ഷയില്ല. സുരക്ഷാ വിഭാഗത്തിന്റെ അനുവാദമില്ലാതെ അനങ്ങാൻ സമ്മതിക്കില്ല. മുമ്പ് ചെയ്തിരുന്ന ജോലിയിലേക്ക് തിരികെ പോകരുതെന്ന് അധികൃതർ വിലക്കിയിട്ടുണ്ട്. ഗത്യന്തരമില്ലാതെയാണ് സ്വലാഹുദ്ദീൻ തന്നെ ജയിലിലേക്ക് തിരിച്ചയക്കാൻ അധികൃതരോട് ആവശ്യപ്പെട്ടതെന്ന് *ഇസ്‌ലാംഓൺലൈൻ* റിപ്പോർട്ട് ചെയ്യുന്നു. ഏറ്റവും ചുരുങ്ങിയത് ഭക്ഷണമെങ്കിലും കിട്ടുമല്ലോ ജയിലിൽ.

തുനീഷ്യയിലെ സ്വഫാഖിസ് നഗരത്തിലെ സയൻസ് കോളേജ് സ്ഥാപിച്ചയാളാണ് ഡോ. മുൻസിഫുബ്നു സാലിം. കെമിസ്ട്രിയിലും ഫിസിക്സിലും ഉയർന്ന ബിരുദങ്ങളുണ്ട് ഇദ്ദേഹത്തിന്. നിരവധി യൂറോപ്യൻ സർവകലാശാലകളിൽ വിസിറ്റിംഗ് പ്രഫസറായിരുന്നു. എല്ലാം പഴയ കഥ. ഇന്നിപ്പോൾ കുടുംബം പുലർത്താൻ ആഴ്ചച്ചന്തകൾ തോറും പച്ചക്കറി വിറ്റ് നടക്കുകയാണ് മുൻസിഫ്. ഒരു തൊഴിലും കൊടുത്തുപോകരുതെന്ന് സകല സ്ഥാപനങ്ങളെയും ഭരണകൂടം ഭീഷണിപ്പെടുത്തിയാൽ മുൻസിഫ് മറ്റെന്ത് ചെയ്യും?

അയൽനാടുകളായ ലിബിയ, മൊറോക്കോ, അൾജീരിയ എന്നിവിടങ്ങളിലും മറ്റു അറബ് രാജ്യങ്ങളിലും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കെതിരിലുള്ള വിലക്കുകളിൽ നേരിയ അയവ് വരുത്തുകയും പരിമിതമായ തോതിൽ അവക്ക് രാഷ്ട്രീയ പങ്കാളിത്തം അനുവദിക്കുകയും ചെയ്യുമ്പോൾ തുനീഷ്യയിൽ സൈനുൽ ആബിദീന്റെ ഏകാധിപത്യം അനുദിനം കിരാതമാവുകയാണ്. അന്നഹ്ദയുടെ പ്രവർത്തകരും അനുഭാവികളും ഒന്നുകിൽ ജയിലിൽ; അല്ലെങ്കിൽ അതിന്റെ നേതാവായ റാശിദുൽ ഗനൂശിയെപ്പോലെ പ്രവാസികളായി പുറംരാജ്യങ്ങളിൽ. ജയിലിനകത്താവുന്നതിനേക്കാൾ ഭീകരമാണ് അതിൽനിന്ന് പുറത്തുവരുന്നത് എന്നതിന്റെ സാക്ഷ്യങ്ങളാണ് സ്വലാഹുദ്ദീനും മുൻസിഫും.

**കൂടുതൽ ഇസ്‌ലാമിക ലോകവാർത്തകൾക്കും വിശകലനങ്ങൾക്കും www.prabodhanam.net സന്ദർശിക്കുക**

## ജമാഅത്ത് സൈറ്റിൽ ഹദീസ് പഠനം

**വിശ്വാസിയു**ടെ സ്വഭാവചര്യകളും പെരുമാറ്റമര്യാദകളും ഉത്തരവാദിത്വങ്ങളും വിവരിക്കുന്ന നൂറോളം ഹദീസുകളും അവയുടെ പരിഭാഷയും വ്യാഖ്യാനവും കേരള ജമാഅത്ത് സൈറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഹോം പേജിലെ 'അൽ ഹദീസ്' എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് ഈ വിഭാഗത്തിലേക്ക് നേരിട്ട് പ്രവേശിക്കാം: www.jihkerala.org